# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

### തിരുവനന്തപുരം

website: www.forest.kerala.gov.in, Email: fibnews@gmail.com, Ph. 0471-2529145


## പത്രക്കുറിപ്പ്

തീയതി. 20.03.2025

**മാർച്ച് 21 ലോക വനദിനം**

**മന്ത്രി എ കെ ശശീന്ദ്രൻ വനമിത്ര പുരസ്കാരങ്ങൾ വിതരണം ചെയ്യും**
**നടൻ ടൊവിനോ തോമസ് പങ്കാളിയാവും**

മാർച്ച് 21 ലോക വനദിനാചരണത്തോട് അനുബന്ധിച്ച് വനംവകുപ്പ് സംഘടിപ്പിക്കുന്ന പരിപാടികൾ തിരുവനന്തപുരം വനംആസ്ഥാനത്ത് മന്ത്രി എ കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ മന്ത്രി വനമിത്ര പുരസ്കാരങ്ങൾ വിതരണം ചെയ്യും.

ആന്റണി രാജു എം എൽ എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ നടൻ ടൊവിനോ തോമസ് ഓൺലൈനിലൂടെ മുഖ്യാതിഥിയായി പങ്കെടുക്കും. സർപ്പ ആപ്പുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ വീഡിയോയുടെ പ്രകാശനവും ടൊവിനോ നിർവഹിക്കും. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ എൻ അനിൽ കുമാർ മുഖ്യപ്രഭാഷണം നടത്തും. ആരണ്യം വനദിനപ്പതിന്റെ ഉദ്ഘാടനം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡോ എൽ ചന്ദ്രശേഖർ നിർവഹിക്കും. ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി കൃഷ്ണൻ കുങ്കി എന്ന വീഡിയോ പ്രകാശനം ചെയ്യും. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ജസ്റ്റിൻ മോഹൻ സർപ്പ കിറ്റുകളുടെ വിതരണം നിർവഹിക്കും. കോർപ്പറേഷൻ കൗൺസിലർ രാഖി രവികുമാർ കുരുവിക്കൊരു കൂട് പദ്ധതി ഉദ്ഘാടനം ചെയ്യും. ഐ എം എ പ്രസിഡന്റ് ഡോ കെ എ ശ്രീവിലാസൻ സ്നേഹഹസ്തം പദ്ധതി വിശദീകരണം നടത്തും. ഡോ ജോസഫ് ബെനവെൻ, ഡോ ഹേമ ഫ്രാൻസിസ്, ഡോ എ മാർത്താണ്ഡപിള്ള തുടങ്ങിയർ സംസാരിക്കും.

അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡോ പി പുകഴേന്തി സ്വാഗതവും ഫോറസ്റ്റ് കൺസർവേറ്റർ ശ്യാം മോഹൻലാൽ നന്ദിയും പറയും.


പി ആർ സാബു
പബ്ലിക്ക് റിലേഷൻസ് ഓഫീസർ
9847020388